നം.കെ.എസ്.എ. എം.എൽ.ടി/ടി 5 /853A/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം,
തലശ്ശേരി- 670103
ഫോൺ-0490 2966270
E-mail: hreauditlly@gmail.com
തീയതി : 24.04.2026 /08.07.2026

ഓഡിറ്റ് ഓഫീസർ

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രം,
മുഴക്കുന്ന് (പി.ഒ), പിൻ-670673

സർ,

വിഷയം :കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-മലബാർ ദേവസ്വം ഓഡിറ്റ് മേഖലാകാര്യാലയം,തലശ്ശേരി-ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രത്തിന്റെ 2021-2024 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - അയക്കുന്നത് സംബന്ധിച്ച്.

സൂചന : -

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് പുറപ്പെടുവിക്കുന്ന ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രത്തിന്റെ 2021-2024 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം മുകളിലെ മേൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്/-
ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ഉള്ളടക്കം:- ഓഡിറ്റ് റിപ്പോർട്ട് 2021-2024 വർഷം

പകർപ്പ്:-

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ. (ഇ-മെയിൽ)ഉ.പ.സ
2. പ്രസിഡണ്ട്, മലബാർ ദേവസ്വം ബോർഡ് കോഴിക്കോട്.(ഇ-മെയിൽ) ഉ.പ.സ(മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ മുഖാന്തിരം)
3. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലബാർ ദേവസ്വം ഓഡിറ്റ് കോഴിക്കോട്.(ഉ.പ.സ)
4. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, തലശ്ശേരി.(ഇ-മെയിൽ)
5. ഓഫീസ് കോപ്പി

നം.കെ.എസ്.എ/എം.എൽ.ടി/ടി5/853A/2025 തീയതി: 24.04.2026

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ മുഴക്കുന്ന് വില്ലേജിലെ ശ്രീ മുദംഗശൈലേശ്വരി ക്ഷേത്രത്തിന്റെ 2021 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13ം വകുപ്പ് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും/തസ്തിക പേരും	ശ്രീ. കെ.പി.ഹരി സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	1	ശ്രീ.വിജോഷ്.പി, അസി.ഓഡിറ്റ് ഓഫീസർ
	2	ശ്രീ.രാജേഷ് കുമാർ.ടി, അസി.ഓഡിറ്റ് ഓഫീസർ
	3	ശ്രീ.ഷൈജിത്ത്.പിസി അസി.ഓഡിറ്റ് ഓഫീസർ
	4	ശ്രീ.സിജേഷ്.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് വർഷം	:	2021 മുതൽ 2024 വരെ
ഓഡിറ്റിന് വിനിയോഗിച്ച സമയം	:	09.10.2025 മുതൽ 31.10.2025 വരെയും 06.11.2025 മുതൽ 07.11.2025 വരെയും
കാര്യ നിർവ്വഹണ ഉദ്യോഗസ്ഥർ	1	ശ്രീ.അജിത്ത് പറമ്പത്ത്, എക്സിക്യൂട്ടീവ് ഓഫീസർ (01.01.2021 മുതൽ 21.02.2022 FN വരെ)
	2	ശ്രീ.എം.മനോഹരൻ, എക്സിക്യൂട്ടീവ് ഓഫീസർ (21.02.2022 AN മുതൽ 31.12.2024 വരെ)
ക്ഷേത്രത്തിന്റെ ഗ്രേഡ്		ഗ്രേഡ് I

ഭാഗം -I

പൊതുഅവലോകനം

I-1.ബജറ്റ്

2021 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ ബജറ്റിന് താഴെ പറയും പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

ക്രമ നം	വർഷം	മലബാർ ദേവസ്വം ബോർഡ് അസി. കമ്മീഷണർ തലശ്ശേരിയുടെ ഉത്തരവ് നമ്പർ/തീയതി
1	2021	എച്ച്-5/2792/2021/എം.ഡി.ബി.(കെ.ഡിസ്.) തീയതി 03.12.2021
2	2022	എം.ഡി.ബി. തലശ്ശേരി ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണറുടെ (കെ.ഡിസ്) എ-3-1307/2022/) തീയതി 02.08.2022 യുടെ നടപടിക്രമങ്ങൾ

3	2023	എച്ച്-5/4687/2023/എം.ഡി.ബി.(കെ.ഡിസ്.) തീയതി 25.09.2023
4	2024	എം.ഡി.ബി. കമ്മീഷണറുടെ 3891/2024/)എം.ഡി.ബി.(കെ.ഡിസ്) തീയതി 07.08.2024 നമ്പർ നടപടിക്രമങ്ങൾ

I-1 എ. ബജറ്റ് വ്യതിയാനങ്ങൾ

ഇനം	യഥാർത്ഥ ചെലവ്	ബജറ്റിൽ അംഗീകരിച്ച ചെലവ്	അധിക ചെലവ്
പ്രിന്റിംഗ് (2024 വർഷം)	2,55,583.00	2,10,000.00	45,583.00
സ്റ്റേഷനറി (2024 വർഷം)	27,510.00	20,000.00	7,510.00
അന്നദാനം (2024 വർഷം)	42,00,914.00	40,00,000.00	2,00,914.00
മൈനർ മരാമത്ത് (2024 വർഷം)	11,60,280.00	4,00,000.00	7,60,280.00
കൊടിമരം അനുബന്ധ ചെലവ് (2024 വർഷം)	5,43,415.00	5,00,000.00	43,415.00
വി.ഐ.പി.ടീറ്റ്	10,946.00	-	10,946.00

ബജറ്റിൽ അധികമായി നടത്തിയ ചെലവുകൾക്കും ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

I-2. വാർഷികകണക്കുകൾ

മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 02.03.2010 ലെ നം.എച്ച്.9/1637/10 നമ്പർ സർക്കുലറിലെ ഖണ്ഡിക 18 അനുസരിച്ച് ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകൾ അടുത്ത ഫെബ്രുവരി 10-ാം തീയതിക്കകവും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 9 (1) പ്രകാരം തൊട്ടടുത്ത വർഷം ഏപ്രിൽ 30- ാം തീയതിക്കകവും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രത്തിന്റെ 2021 മുതൽ 2023 വരെ വർഷങ്ങളിലെ വാർഷികകണക്കുകൾ 18.05.2024 നും 2024 വർഷത്തെ അക്കൗണ്ട് 19.09.2025 തീയ്യതിയിലുമാണ് സമർപ്പിച്ചത്.

ഭാവിയിൽ ക്ഷേത്രത്തിന്റെ വാർഷിക കണക്കുകൾ നിയമം അനുശാസിക്കുന്ന കാലപരിധിക്കുള്ളിൽ തന്നെ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ പ്രത്യേകം പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക നമ്പർ I-7). ഓഡിറ്റിനായി സമർപ്പിക്കുന്ന വാർഷിക കണക്കിനോടൊപ്പം അതത് കാലങ്ങളിൽ നിലവിലുള്ള എല്ലാ സ്ഥിര നിക്ഷേപങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ പത്രിക കൂടി സമർപ്പിക്കേണ്ടതാണ്.

മേൽ പോരായ്മകൾ പരിഹരിച്ച് ഭാവിയിൽ ക്ഷേത്രത്തിലെ കണക്കുകളും അനുബന്ധ രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ്. ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ് ജീവനക്കാർക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

I-3. ക്ഷേത്രഭരണം

കോഴിക്കോട് എച്ച്.ആർ&സി.ഇ ഡെപ്യൂട്ടി കമ്മീഷണറുടെ 14.11.1991 ലെ ഉത്തരവ് നമ്പർ ബി1-4820/91 പ്രകാരമാണ് മുഴക്കുന്ന് ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രം ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിന്റെ (ഇപ്പോഴത്തെ മലബാർ ദേവസ്വം ബോർഡ്) അധികാര പരിധിയിൽ വരുന്ന ഒരു പൊതു ക്ഷേത്രമായി പ്രഖ്യാപിക്കപ്പെട്ടത്. ക്ഷേത്ര ഭരണത്തിനായി പ്രത്യേക സ്കീം ഒന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. കമ്മീഷണറുടെ 06.04.1993 ലെ 1813/93ാം നമ്പർ ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡ് നിയമിക്കുന്ന ഒരു എക്സിക്കുട്ടീവ് ഓഫീസറാണ് ക്ഷേത്രത്തിന്റെ ദൈനംദിന ഭരണം നിർവ്വഹിച്ചു വരുന്നത്.

ക്ഷേത്രഭരണത്തിനായി തലശ്ശേരി മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ 05.12.2014 ലെ എ 3-5565/10 എം.ഡി.ബി/കെ.ഡി.സ് നമ്പർ ഉത്തരവ് പ്രകാരം 4 പാരമ്പര്യേതര ട്രസ്റ്റിമാരെ 2 വർഷ കാലാവധിക്ക് നിയമിക്കുകയുണ്ടായി. ശ്രീ.പി.രമേശൻ ചെയർമാനായും, ശ്രീ.സി.കെ.കുഞ്ഞികൃഷ്ണൻ, ശ്രീ തെക്കേടത്ത് രാമരാജൻ, ശ്രീ.എ.വി ചന്ദ്രൻ എന്നിവർ അംഗങ്ങളുമായ ട്രസ്റ്റി ബോർഡ് 05.12.2016 വരെ തുടർന്നു. ശേഷം 06.05.2018 തീയ്യതിവരെ ക്ഷേത്രത്തിൽ ട്രസ്റ്റി ബോർഡ് നിലവിലുണ്ടായിരുന്നില്ല. മലബാർ ദേവസ്വം ബോർഡ് അസി.കമ്മീഷണറുടെ 07.05.2018 ലെ എ 3-4345/17 നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്നവരെ പാരമ്പര്യേതര ട്രസ്റ്റിമാരായി രണ്ട് വർഷത്തേക്ക് നിയമിച്ചു.

ശ്രീ.എം.കെ മനോഹരൻ
ശ്രീ.കുഞ്ഞിരാമൻ കളരിപ്പറമ്പത്ത്
ശ്രീ.എം.കെ.പ്രഭാകരൻ
ശ്രീ.എൻ.പങ്കജാക്ഷൻ

25.06.2018 തീയ്യതിയിൽ ചേർന്ന ആദ്യ ട്രസ്റ്റി ബോർഡ് യോഗത്തിൽ ശ്രീ.എം.കെ.മനോഹരൻ ചെയർമാനായി തെരഞ്ഞെടുത്തു. തുടർന്ന് അസി.കമ്മീഷണറുടെ 27.10.2020 ലെ എ 3/1339/20 നമ്പർ ഉത്തരവ് പ്രകാരം ഇതേ കമ്മിറ്റി അംഗങ്ങളെ തന്നെ ട്രസ്റ്റി ബോർഡ് അംഗങ്ങളായി നിയമിച്ചു. ശ്രീ.എം.കെ മനോഹരൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

അസിസ്റ്റന്റ് കമ്മീഷണറുടെ A3-2498/MDB/(KDis) തീയ്യതി 06.12.2022 പ്രകാരം നിയമിച്ച ട്രസ്റ്റിമാരുടെ വിവരങ്ങൾ

ശ്രീ.എം.കെ.മനോഹരൻ (ചെയർമാൻ)
ശ്രീ രാമചന്ദ്രൻ കാവളാൻ
ശ്രീ.രഘുനാഥൻ താളി
ശ്രീ.രാജീവൻ കാരായി

I-4 എ. ക്ഷേത്രത്തിന്റെ കൈവശമുള്ള ഭൂസ്വത്ത് വിവരം

ക്ഷേത്രത്തിൽ ഭൂസ്വത്ത് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കളുടെ ആധികാരികമായ വിവരങ്ങൾ ലഭ്യമല്ല. മുഴക്കുന്ന് വില്ലേജ് ഓഫീസിൽ ഒടുക്കിയ ഭൂനികുതി രശീതി പ്രകാരം ക്ഷേത്ര ഉടമസ്ഥതയിൽപ്പെട്ട ഭൂമിയുടെ വിവരം താഴെകാണിക്കും പ്രകാരമാണ്.

അംശം	ദേശം	സർവ്വേ നമ്പർ	വിസ്തീർണ്ണം		വിവരണം
			ഏക്കർ	സെന്റ്	
മുഴക്കുന്ന്	--	100/138	48 ആർ	96 സ്ക്വയർ മീറ്റർ	തണ്ടപ്പേർ നമ്പർ 3838 പ്രകാരം കരം ഒടുക്കിയ രശീതി

മുഴുവൻ ക്ഷേത്രഭൂമിയുടെയും യഥാർത്ഥ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഭൂസ്വത്ത് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

I-4 ബി.സ്വർണ്ണം, വെള്ളി രജിസ്റ്റർ

ക്ഷേത്രത്തിൽ സ്വർണ്ണം, വെള്ളി സാധനങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന ഇൻവെന്ററി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് വെരിഫിക്കേഷൻ ഓഫീസറുടെ 15.10.2024 ലെ എച്ച് 5/5872/2024/എം.ഡി.ബി/ആർ.ഡി.എസ് റിപ്പോർട്ട് പ്രകാരം ക്ഷേത്രത്തിൽ ആകെയുള്ള സ്വർണ്ണം 1471 ഗ്രാം 290 മി.ഗ്രാം വെള്ളി 14065 ഗ്രാം 430 മി.ഗ്രാം ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞ സ്വർണ്ണ ഉരുപ്പടിയിൽനിന്നും 128 ഗ്രാം സ്വർണ്ണവും 510 ഗ്രാം വെള്ളിയും വിഗ്രഹനിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. 07.01.2025 ലെ എച്ച് -5/6927/2024 എം.ഡി.ബി (കെ.ഡിസ്) നമ്പർ ഉത്തരവ്.

I-5.പൊതു അവലോകനം

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ മുഴക്കുന്ന് വില്ലേജിൽ സ്ഥിതി ചെയ്യുന്ന പ്രശസ്തമായ ഒരു ദേവി ക്ഷേത്രമാണ് ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രം. ക്ഷേത്രത്തിനായി പ്രത്യേക സ്കീം ഇതുവരെ തയ്യാറാക്കിയിട്ടില്ല. എക്സിക്യൂട്ടീവ് ഓഫീസറാണ് ക്ഷേത്രത്തിന്റെ ദൈനംദിന ഭരണം നിർവ്വഹിച്ചു വരുന്നത്. 4 പാരമ്പര്യേതര ട്രസ്റ്റിമാർ ഉൾപ്പെട്ട ട്രസ്റ്റി ബോർഡ് നിലവിലുണ്ട്. ക്ഷേത്രത്തിലെ സ്ഥിരം, താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

തസ്തിക	ജീവനക്കാരുടെ എണ്ണം	
	സ്ഥിരം	താൽക്കാലിക
ശാന്തി	1	2
കഴകം	1	2
വാദ്യം	1	1
അടിച്ചുതളി	-	2
സോപാനം കാവൽ	1	-
നെയ് വിളക്ക് സഹായി	1	-
ഓഫീസ് ക്ലർക്ക്	1	-
ക്ലർക്ക് കം സ്റ്റോർ കീപ്പർ	1	-
സെക്യൂരിറ്റി	1	-
ആകെ	**8**	**7**

മതിയായ ക്ലറിക്കൽ ജീവനക്കാരില്ലാത്തത് കണക്കുകൾ തയ്യാറാക്കുന്നതിലും സൂക്ഷിക്കുന്നതിനും അക്കൗണ്ട്/ഹെഡ്ക്ലർക്ക് തസ്തിക ഇല്ലാത്തതും മേൽനോട്ടക്കുറവിനും കാരണമാകുന്നുണ്ട്. ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നതിനായി മതിയായ ജീവനക്കാരെ നിയമിക്കുന്ന കാര്യം മലബാർ ദേവസ്വം ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ പരിശോധനയിൽ കണ്ടിട്ടുള്ള അപാകതളും മറ്റ് പോരായ്മകളും റിപ്പോർട്ടിന്റെ ഭാഗം-2, ഭാഗം-3 എന്നിവയുടെ വിവിധ ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ചൂണ്ടികാണിച്ചിട്ടുള്ള പോരായ്മകൾ പരിഹരിച്ച് മറ്റ് തടസ്സങ്ങൾ ഒഴിവാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളെണ്ടതാണ്.

I-6. സൂക്ഷിക്കാത്ത രജിസ്റ്ററുകൾ

1. ഡെപ്പോസിറ്റ് രജിസ്റ്റർ
2. മുൻകൂർ രജിസ്റ്റർ
3. ഭ്രസ്വത്ത് രജിസ്റ്റർ

മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

I-7. ക്യാഷ് ബുക്ക് അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ വിവിധ അപാകങ്ങൾ

1. സൗത്ത് ഇന്ത്യൻ ബാങ്ക്, എച്ച്.ഡി.എഫ്.സി ബാങ്ക് വഴിയുള്ള ഓൺ ലൈൻ വരവിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുമ്പോൾ ഏത് കാലയളവിൽ ലഭ്യമായ തുകയാണെന്ന് രേഖപ്പെടുത്തുന്നില്ല.
2. ക്ഷേത്രത്തിലെ വിവിധ ചെലവുകൾക്ക് ബാങ്ക് ചെക്ക് അനുവദിക്കുമ്പോൾ ചെക്ക് നമ്പർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
3. ലെഡ്ജർ ഹെഡ്ഡിലെ തുകയും സമാനമായ അക്കൗണ്ട് ഹെഡ്ഡിലെ തുകയും പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	ഇനം	ലെഡ്ജർ ഹെഡ്ഡിലെ തുക	അക്കൗണ്ട് ഹെഡ്ഡിലെ തുക
2024	സ്റ്റേഷനറി ചെലവ്	27,480.00	27,510.00
2024	ബേങ്ക് ചാർജ്	118.00	289.00
2024	ഇലക്ട്രിക്കൽ & ഇലക്ട്രോണിക്	87,219.00	87,259.00

4. ക്യാഷ് കൗണ്ടറിൽനിന്നും ഗ്രഗിൾ പേ വഴി ബാങ്കിലേക്ക് ഭക്തർ ഒടുക്കുന്ന വഴിപാട് തുകകൾ ക്യാഷ് ബുക്കിൽ വരവ് ഭാഗത്ത് ബാങ്ക് കോളത്തിൽ രേഖപ്പെടുത്തേണ്ടതിനു പകരം ക്യാഷ് കോളത്തിൽ രേഖപ്പെടുത്തുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 4/28.10.2025) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ മേൽ അപാകങ്ങൾ പരിഹരിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ഭാഗം-II

വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

II-1. സർക്കാർ ധനസഹായം

ഇല്ല

II-2. മാനേജ്മെന്റ് ഫണ്ട്

ഇല്ല

II-3. വർഷാശനം

ലഭിച്ചിട്ടില്ല. അർഹമായ വർഷാശനം, കുടിശ്ശിക സഹിതം ലഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

II-4.വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

II-5.ഓഡിറ്റ് റിക്കവറി

ഒടുക്കിയ ആളിന്റെ പേര് വിവരം	വർഷം	ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക നമ്പർ	വരവ് നഷ്ടം	ചെലവ് നഷ്ടം	രശീതി നമ്പർ /തീയ്യതി
ശ്രീ.അജിത്ത് പറമ്പത്ത്, എക്സിക്യൂട്ടീവ് ഓഫീസർ	2022	2015-2020	II(12)	7000	-	-
ശ്രീ.എ.വി.അശോകൻ, എക്സിക്യൂട്ടീവ് ഓഫീസർ	2022	2015-2020	III(2)	-	3000	08.07.2022 രശീതി നമ്പർ ലഭ്യമല്ല
ആകെ				7000	3000	

II-6.ജാമ്യസംഖ്യ

1951-ലെ ഹിന്ദുമതധർമ്മസ്ഥാപനനിയമത്തിലെ 100(2) വൈ വകുപ്പുപ്രകാരമുള്ള ജാമ്യസംഖ്യ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. (അനുബന്ധം-3 കാണുക)

II-7.വാടക കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ലഭ്യമാക്കിയിട്ടില്ല

ക്ഷേത്രത്തിൽ വടക്കേ നടയിലുള്ള നാല് താൽക്കാലിക കടകൾ കച്ചവടക്കാർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകയിനത്തിൽ 2023 വർഷത്തിൽ 3,51,900/- രൂപയും 2024 വർഷത്തിൽ 2,04,600/- രൂപയും വരവുണ്ട്. എന്നാൽ മേൽ കടമുറികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് അനധികൃതമാണ്. കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം- III
ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

III-1.സേവനപുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാതെ അവധി വേതനം അനുവദിച്ചു

ഓഡിറ്റ് കാലയളവിൽ ശ്രീ.പി.ഗോപിനാഥ് (ക്ലർക്ക്), ശ്രീ.ടി.വി.പ്രമോദ് (വാദ്യം), സതനാരായണ ഭട്ട് (ശാന്തി) എന്നിവർ ആർജ്ജിതാവധി സറണ്ടർ ചെയ്ത് വേതനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സേവനപുസ്തകത്തിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. സേവനപുസ്തകങ്ങളിൽ അവധി, സറണ്ടർ വിവരങ്ങൾ രേഖപ്പെടുത്താതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. അവധി, ആർജ്ജിതാവധി സറണ്ടർ വിവരങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തി സേവനപുസ്തകങ്ങൾ കാലികമാക്കേണ്ടതാണ്.

III-2. ക്ഷേത്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തേണ്ടതാണ്

ക്ഷേത്രത്തിൽ നിലവിൽ 14 സ്ഥിരം തസ്തികകളാണുള്ളത്. [മേൽശാന്തി-1, എൽ.ഡി.ക്ലർക്ക്-6, (ഓഫീസ് ക്ലർക്ക്-2, വഴിപാട് ക്ലർക്ക്-4), സെക്യൂരിറ്റി-2, സോപാനം കാവൽ-1, നെയ് വിളക്ക് സഹായി-1, കഴകം-1, വാദ്യം-1, ശാന്തി-1] മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 09.03.2023 തീയ്യതിയിലെ എച്ച്-1/4943/2021/എം.ഡി.ബി നമ്പർ ഉത്തരവ് പ്രകാരം ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർ നിർണ്ണയിച്ചതനുസരിച്ച് ശ്രീ മൂദംഗശൈലേശ്വരി ക്ഷേത്രത്തെ ഗ്രേഡ്-I ലേക്ക് ഉയർത്തിയിട്ടുണ്ട്. നിലവിൽ ക്ഷേത്രത്തിലെ ഓഫീസ് ജോലികൾ, അക്കൗണ്ട് ജോലികൾ മുതലായവ നിർവ്വഹിക്കുന്നതിന് രണ്ട് ക്ലർക്ക് തസ്തികയിലെ ജീവനക്കാർ മാത്രമാണുള്ളത്. ദൈനംദിന വരുമാനവും ചെലവുകളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനങ്ങളുടെ സുഗമമായ നിർവ്വഹണത്തിന് പരിമിതമായ ഈ തസ്തികകൾ മതിയാവുകയില്ല. 12.02.2024 തീയ്യതിയിലെ സ.ഉ (എം.എസ്) 41/2024/ആർ.ഡി നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഗ്രേഡ്-I ക്ഷേത്രങ്ങളിൽ മാനേജർ/സൂപ്പർ വൈസർ, ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ്, പൂണ് തസ്തികകൾ അനുവദനീയമാണ്. എന്നാൽ അവശ്യം വേണ്ട മേൽ തസ്തികകൾ ഇല്ലാതെയാണ് ക്ഷേത്രത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ക്ഷേത്രത്തിൽ അവശ്യം വേണ്ട തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

III-3. സേവനപുസ്തകങ്ങളിലെ ജനനത്തീയതികൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്

താഴെ കൊടുത്തിരിക്കുന്ന ക്ഷേത്ര ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ രേഖപ്പെടുത്തിയ ജനനത്തീയതികൾ എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നം	പേര്	തസ്തിക
1	ശ്രീ.മുരളീദരൻ പാലക്കൽ	എൽ.ഡി.സി
2	ശ്രീ.രാജേഷ് ഇ	എൽ.ഡി.സി
3	ശ്രീ.സനേഷ് കെ	എൽ.ഡി.സി
4	ശ്രീ.സജിൻ കുമാർ പി.വി	എൽ.ഡി.സി
5	ശ്രീ.സാജു എൻ	നെയ് വിളക്ക് സഹായി
6	ശ്രീ.സൂരജ്.ടി.കെ	എൽ.ഡി.സി
7	ശ്രീ.പത്മനാഭൻ.കെ	സെക്യൂരിറ്റി
8	ശ്രീ.അനൂപ് പി	സെക്യൂരിറ്റി
9	ശ്രീ.ഷിജിത്ത് കെ.വി	സോപാനം കാവൽ
10	ശ്രീ.സത്യനാരായണ ഭട്ട്	ശാന്തി
11	ശ്രീ.പ്രകാശൻ എ.വി	കഴകം
12	ശ്രീ.കൃഷ്ണദാസ് കെ.ആർ	മേൽശാന്തി

ആധികാരികമായ രേഖകൾ അടിസ്ഥാനമാക്കി സേവനപുസ്തകങ്ങളിലെ ജനനത്തീയ്യതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

III-4. ക്ഷേത്രത്തിൽ സംഭാവനയായി ലഭിച്ച കുതിരയ്ക്ക് കേന്ദ്രനിയമ പ്രകാരമുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല

2024 ഏപ്രിൽ മാസം ക്ഷേത്രത്തിൽ ഒരു ഭക്തൻ സംഭാവനയായി ഒരു കുതിരയെ നൽകിയിട്ടുണ്ട്. എന്നാൽ 1972 ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമം, വകുപ്പ് 40(2 എ) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽനിന്നും വകുപ്പ് 42 പ്രകാരം ലഭിച്ച ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് കുതിരയെ ക്ഷേത്രത്തിൽ സൂക്ഷിച്ചിരിക്കുന്നത. കുതിരയ്ക്ക് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വനം, മൃഗ സംരക്ഷണ ഉദ്യോഗസ്ഥരുടെ പതിവായ പരിശോധ ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച റിക്കാർഡുകൾ സൂക്ഷിക്കേണ്ടതുമാണ്.

III-5. ചുറ്റമതിൽ, ഊട്ടുപുര നിർമ്മാണം-മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല

പ്രവൃത്തിയുടെ പേര് : ചുറ്റമതിൽ, ഊട്ടുപുര നിർമ്മാണം
എസ്റ്റിമേറ്റ് തുക : 2,50,00,000.00

വൗച്ചർ നം / തീയതി	തുക	റിമാർക്സ്
335/19.11.2021	70,19,711.00	Mob.Advance
414/13.10.2022	40,92,808.00	1st Part bill
114/02.03.2024	75,44,604.00	2nd Part bill
ആകെ	1,86,57,123.00	

ക്ഷേത്രത്തിൽ ഊട്ടുപുരയും ചുറ്റമതിലും നിർമ്മിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി ലിമിറ്റഡ് (ULCCS Ltd) തയ്യാറാക്കിയ 2,40,00,000/- രൂപയുടെ എസ്റ്റിമേറ്റിന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 14.09.2020 തീയതിയിലെ എച്ച് 5/2500/2020/എംഡിബി(കെഡിസ്) നം ഉത്തരവു പ്രകാരം അനുമതി നൽകുകയും 18.02.2021 ലെ WC/41/2020 – 21 നം ഉടമ്പടി പ്രകാരം പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.തുടർന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 24.04.2023 ലെ എച്ച് 5/6412/2022/എംഡിബി(കെഡിസ്) നം ഉത്തരവു പ്രകാരം 2,50,00,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി 01.10.2023 തീയതിയിൽ പൂർത്തിയാക്കി ULCCS Ltd കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തു. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 13.02.2025 തീയതിയിലെ എച്ച് 5/6241/2024/എംഡിബി (കെഡിഎസ്) നമ്പർ ഉത്തരവു പ്രകാരം 2,02,40,077/- രൂപയുടെ ഫൈനൽ ബില്ലിന് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ കാണിച്ച വൗച്ചറുകൾ പ്രകാരം നിയമാനുസൃതമായ കിഴിവുകൾ കഴിച്ച് ആകെ 1,86,57,123 രൂപ ULCCS Ltd ന് ക്ഷേത്രത്തിൽ നിന്നും ഇതുവരെയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1) സർക്കാർ ഉത്തരവിന് വിരുദ്ധമായി മൊബിലൈസേഷൻ അഡ്വാൻസ് അധികം നിരക്കിൽ അനുവദിച്ചു

30.07.2014 ലെ G.O.(P)No.311/14/Fin നമ്പർ സർക്കാർ ഉത്തരവു പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി അടങ്കൽ തുകയുടെ 20% വരെയുള്ള തുക മാത്രമേ, പ്രവൃത്തി ഏറ്റെടുക്കുന്ന അക്രഡിറ്റഡ് ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസായി അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികതുക മൊബിലൈസേഷൻ അഡ്വാൻസായി ULCCS ക്ക് ദേവസ്വം അനുവദിച്ചതായി (വൗച്ചർ നം 335/19.11.2021 ,തുക - 70,19,711/- രൂപ) കാണുന്നു. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

എസ്റ്റിമേറ്റ് തുക	മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ച തുക	മൊബിലൈസേഷൻ അഡ്വാൻസായി അനുവദനീയമായ തുക	അധികം അനുവദിച്ച തുക
2,50,00,000.00	70,19,711.00	50,00,000.00	20,19,711.00

(2)<u>അക്രഡിറ്റഡ് ഏജൻസിയായ ULCCS ക്ക് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദിച്ചത് ക്രമവിരുദ്ധം</u>

25/07/2017 ലെ G.O.(P) No. 95/2017/Fin. നമ്പർ സർക്കാർ ഉത്തരവു പ്രകാരം അക്രഡിറ്റഡ് ഏജൻസിക്ക് മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിന് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിക്ക് എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ വിവിധ നിരക്കിലുള്ള സെന്റേജ് ചാർജ്ജും എസ്റ്റിമേറ്റ് തുകയുടെ 7.5 % നിരക്കിലുള്ള ഓവർ ഹെഡ്ഡ് ചാർജ്ജും മാത്രമേ അനുവദനീയമായിട്ടുള്ളൂ.1 മുതൽ 3 കോടി വരെ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 7 % നിരക്കിൽ മാത്രമേ സെന്റേജ് ചാർജ് അനുവദിക്കാവൂ എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2.2 കോടി പ്രവൃത്തി മൂല്യമുള്ള ഊട്ടുപുര, ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്ക് 7.5 % നിരക്കിൽ സെന്റേജ് ചാർജ്ജും 7.5 % നിരക്കിലുള്ള ഓവർ ഹെഡ്ഡ് ചാർജ്ജും ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ULCCS ക്ക് ഇതുവരെയായി തുക അനുവദിച്ചിട്ടുള്ളതും.

ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത് (15 %) (CP+Over Head charge ഉൾപ്പെടെ)	ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത്	ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് (14.5 %) (Centage Charge @7 % + Over Head charge @ 7.5 %)	ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത്	അധികം കണക്കാക്കിയത്
17152607.97 (Rounded to 17152608)	2,02,40,077.00	1,70,78,031.00	2,01,52,076.58	88,000.00

(3)<u>അക്രഡിറ്റഡ് ഏജൻസി നേരിട്ട് പ്രവൃത്തി നിർവ്വഹിച്ചു- എസ്റ്റിമേറ്റ് തുകയിൽ നിന്നും 0.5 % റിക്കവറി നടത്തിയില്ല.</u>

28.04.2021 തീയതിയിലെ G.O.(P) 67/2021/Fin. നമ്പർ സർക്കാർ ഉത്തരവു പ്രകാരം അക്രഡിറ്റഡ് ഏജൻസി നേരിട്ട് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തുക,യഥാർത്ഥ പ്രവൃത്തി തുക ഇവയിൽ ഏതാണോ കുറവ് അതിൽ നിന്നും 0.5 % തുക റിക്കവറി ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ അക്രഡിറ്റഡ് ഏജൻസിയായ ULCCS ക്ക് തുക അനുവദിച്ചപ്പോൾ പ്രവൃത്തി മൂല്യത്തിൽ നിന്നും 0.5 % തുക റിക്കവറി നടത്താതെയാണ് ഇതുവരെയുള്ള ബിൽ തുക അനുവദിച്ചതായി കാണുന്നത്. ആയതിനാൽ 100760/- രൂപ (0.5 % of 20152076.58) റിക്കവറി ഇനത്തിൽ ഈടാക്കി മാത്രം ഫൈനൽ ബിൽ അനുവദിക്കേണ്ടതാണ്.

(4)<u>നോൺ ഗവൺമെന്റൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും അനുവദനീയമായ സെന്റേജ് ചാർജിൽ നിന്നും കുറവു ചെയ്യേണ്ട 10 % കുറവ് ചെയ്തില്ല</u>

നോൺ ഗവൺമെന്റൽ അക്രഡിറ്റഡ് ഏജൻസികൾ മരാമത്ത് പ്രവൃത്തി നിർവ്വഹിക്കുമ്പോൾ മെഷർമെന്റ്, ചെക്ക് മെഷർമെന്റ് പ്രവൃത്തികൾ ക്ലൈന്റ് ഡിപ്പാർട്ട്മെന്റ് തന്നെ നേരിട്ട് നിർവ്വഹിക്കേണ്ടതിനാൽ അനുവദനീയമായ സെന്റേജ് ചാർജിൽ നിന്നും 10 % കുറവ് ചെയ്യണമെന്ന്

28.04.2021 തീയതിയിലെ G.O.(P) 67/2021/Fin. നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2.2 കോടി പ്രവൃത്തി മൂല്യമുള്ള ഊട്ടുപുര, ചുറ്റമതിൽ നിർമ്മാണ പ്രവൃത്തിക്ക് അനുവദനീയമായ സെന്റേജ് ചാർജ് ആകെ പ്രവൃത്തിമൂല്യത്തിന്റെ 7 % ആണ്. മെഷർമെന്റ്, ചെക്ക് മെഷർമെന്റ് പ്രവൃത്തികൾ ദേവസ്വത്തിന്റെ മേൽ നോട്ടത്തിൽ നിർവ്വഹിച്ചതിനാൽ അനുവദനീയമായ 7 % സെന്റേജ് ചാർജിൽ നിന്നും 10 % കുറവ് ചെയ്ത മാത്രമേ സെന്റേജ് ചാർജ് ULCCS ക്ക് അനുവദിക്കാൻ പാടുള്ളൂ. എന്നാൽ അനുവദനീയമായ സെന്റേജ് ചാർജിൽ നിന്നും 10 % കുറവ് ചെയ്തിട്ടില്ല.

അനുവദനീയമായ സെന്റേജ് ചാർജ് = 10,44,072 (7 % of 14915311)

കുറവു ചെയ്യേണ്ട സെന്റേജ് ചാർജ് @ 10 % = 1,04,407/-

(5)<u>സെക്കന്റ് പാർട്ട് ബില്ലിൽ നിന്നും ഫസ്റ്റ് പാർട്ട് ബിൽ തുക കുറച്ചതിൽ അപാകം</u>

വൗച്ചർ നം 414/13.1022 പ്രകാരം ULCCS ക്ക് 1st Part bill തുകയായി അനുവദിച്ചത് 40,92,808/- രൂപയാണ്. എന്നാൽ 2nd Part bill അനുവദിക്കുമ്പോൾ 1st Part bill തുക അനുവദിച്ച ഇനത്തിൽ കുറവ് വരുത്തിയത് 40,84,491/- രൂപയാണ്. 2nd Part bill തെറ്റായി ക്രമീകരിച്ച് ULCCS ക്ക് തുക അനുവദിച്ചത് വഴി 8,317/- രൂപ ULCCS ക്ക് അധികം അനുവദിച്ചിട്ടുണ്ട്.

മേൽ അപാകവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 1/28.10.2025) ലഭ്യമാക്കിയ മറുപടിയിൽ സ്വകാര്യ കരാർ അടിസ്ഥാനത്തിലാണ് ULCCS ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്നും ആയതിനാലാണ് 0.5% റിക്കവറി, സെന്റേജ് ചാർജിൽ 10% കുറവ് തുടങ്ങിയ ഇളവുകൾ അനുവദിക്കാതിരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. 17.12.2025 തീയ്യതിയിലെ ULCCS/ENGG/8899/2020-21 നമ്പർ കത്ത് -ULCCS എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയത്. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 13.02.2025 തീയതിയിലെ എച്ച് 5/6241/2024/എംഡിബി (കെഡിസ്) നം ഉത്തരവു പ്രകാരം 2,02,40,077/- രൂപയുടെ ഫൈനൽ ബില്ലിന് അംഗീകാരം നൽകുകയും അവസാന ഗഡുവായി 6,09,756/- രൂപ ULCCS ക്ക് അനുവദിക്കുന്നതിനും ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറോട് കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ക്ഷേത്രത്തിൽ നിന്നും അവസാന ഗഡുവായി അനുവദിക്കേണ്ട തുക ഇതുവരെയായി അനുവദിക്കാത്തതിനാൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിശോധിക്കേണ്ടതും ഈടാക്കേണ്ട തുകകളുടെ കൃത്യത പരിശോധിച്ച് ആയത് ഈടാക്കി മാത്രം അവസാന ഗഡു തുക ULCCS ക്ക് അനുവദിക്കേണ്ടതാണ്.

III-6.<u>ചുറ്റമ്പലം മേൽക്കൂര പ്രവൃത്തിക്കായി മരം വാങ്ങിയത്-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല</u>

വൗച്ചർ നമ്പർ	തുക
215/17.06.2022	6,00,000.00
279/05.08.2022	6,12,000.00
54/19.01.2023	4,22,737.00
153/20.02.2023	1,95,324.00
ആകെ	**18,30,061.00**

ചുറ്റമ്പലം മേൽക്കൂര പ്രവൃത്തിക്കായി പാലുരുപ്പ് മരം വാങ്ങിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മാസ് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിന് മേൽ കാണിച്ച വൗച്ചറുകൾ പ്രകാരം ആകെ 18,30,061.00 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 ലെ ഖണ്ഡിക 7.13 മുതൽ 7.19 വരെയുള്ള വ്യവസ്ഥകൾ പ്രകാരം എസ്റ്റിമേറ്റ് തുക 10 ലക്ഷത്തിനു മുകളിൽ ആണെങ്കിൽ ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേയ്സ് മാന്വലിലെ ഖണ്ഡിക

7.24 മുതൽ 7.32 വരെയുള്ള വ്യവസ്ഥകൾ പ്രകാരം 10 ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് ടെണ്ടർ തുകയുടെ 0.2% തുക 100 ന്റെ ഗുണിതമായി നിജപ്പെടുത്തി ടെണ്ടർ ഫോറം വില നിശ്ചയിക്കേണ്ടതാണെന്നതും വ്യക്തമാക്കിയിട്ടുണ്ട്. (പരാമാവധി 25000+GST). എന്നാൽ മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർ, തലശ്ശേരിയുടെ ഉത്തരവു പ്രകാരം ചുറ്റമ്പലം മേൽക്കൂര പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചാണ് ക്ഷേത്ര അധികൃതർ പാലുരുപ്പ് മരം വാങ്ങിച്ചിരിക്കുന്നത്. ടെണ്ടർ ക്ഷണിക്കാത്തതിനാൽ ടെണ്ടർ ഫോറം വിലയും ഈടാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 3/28.10.2025) ലഭ്യമാക്കിയ മറുപടിയിൽ പത്ര പരസ്യം നൽകിയാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും നവീകരണ കലശത്തിനു മുന്നോടിയായി അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതിനാലാണ് ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി പൂർത്തിയായിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 02.03.2010 ലെ 4/1637/2010 നമ്പർ ഉത്തരവു പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ ക്ഷേത്രങ്ങളിലെ വാങ്ങലുകൾക്കും ബാധകമാക്കിയതിനാൽ സ്റ്റോർ പർച്ചേയ്സ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയുള്ള വാങ്ങൽ നടപടികൾ അധികൃതമല്ല. ഭാവിയിൽ മരാമത്ത് മാന്വൽ/സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

III-7. നിയമ വിരുദ്ധമായി ആദായനികുതി ഈടാക്കി-ക്ഷേത്ര ഫണ്ടിന് നഷ്ടം

1961 ലെ കേന്ദ്ര ആദായനികുതി വകുപ്പ് സെക്ഷൻ 10(23BBA) പ്രകാരം ക്ഷേത്രങ്ങളെ ആദായനികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്ഷേത്രത്തിന്റെ പേരിലുള്ള സ്ഥിര നിക്ഷേപങ്ങളിലെ പലിശയിൽനിന്നും വിവിധ ബാങ്കുകൾ ടി.ഡി.എസ് ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ ക്ഷേത്രത്തിന്റെ സ്ഥിര നിക്ഷപങ്ങളിലെ പലിശയിൽനിന്നും വിവിധ ബാങ്കുകൾ ആദായനികുതി ഇനത്തിൽ ഈടാക്കിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബേങ്ക്	ഈടാക്കിയ ആദായ നികുതി
കേരളാ ഗ്രാമീൺ ബേങ്ക്	45,705
ധനലക്ഷ്മി ബേങ്ക്, തലശ്ശേരി	29,791
സൗത്ത് ഇൻഡ്യൻ ബേങ്ക്, ഇരിട്ടി	5,12,306

നിയമവിരുദ്ധമായി ദേവസ്വം അക്കൗണ്ടിൽനിന്നും ആദായനികുതി ഈടാക്കിയതിനെതിരെ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം ആദായനികുതി വകുപ്പിനെതിരെ നൽകിയ കേസിന്മേൽ ബഹു.കേരള ഹൈക്കോടതി 01.07.2019 തീയ്യതിയിൽ പുറപ്പെടുവിച്ച WP(c) No.8524 വിധിന്യായത്തിൽ അന്യായമായി ദേവസ്വം ഫണ്ടിൽനിന്നും ഈടാക്കിയ ആദായനികുതി തിരികെ നൽകണമെന്ന് ഉത്തരവിട്ടിട്ടുണ്ട്. മുൻവർഷങ്ങളിലേതുൾപ്പെടെ ക്ഷേത്രത്തിന്റെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിൽനിന്നും തെറ്റായി ഈടാക്കിയ ആദായനികുതി തിരികെ ലഭിക്കുവാൻ അടിയന്തിരനപടികൾ സ്വീകരിക്കേണ്ടതാണ്.

III-8. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ക്ഷേത്രത്തിലെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ വരവു ചെലവു കണക്കുകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. 2021, 2022 വർഷങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റ് തുകകൾ (ഇ.എം.ഡി/സെക്യൂരിറ്റി) സംബന്ധിച്ച വരവു ചെലവു കണക്കുകൾ വാർഷിക വരവ് ചെലവു പത്രികകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. 2023-ൽ ഇ.എം.ഡി ഇനത്തിൽ 1,48,000/- വരവും 1,55,000/- ചെലവും ഉണ്ട്. 2024-ൽ ഈ ഇനത്തിൽ 1,97,000/-വരവും 2,01,000/- ചെലവും കാണുന്നുണ്ട്. വരവും ചെലവും പൊരുത്തപ്പെടുന്നില്ല.

മേൽ ന്യൂനതകൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം നമ്പർ 02/2021-2024 തീയ്യതി 24.10.2025) മറുപടിയിൽ ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

III-9. അംശദായം

ഓഡിറ്റ് കാലയളവിൽ ക്ഷേത്രത്തിൽനിന്നും അംശദായമിനത്തിൽ മലബാർ ദേവസ്വം ബോർഡിലേക്ക് ഒടുക്കിയ തുകയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വൗച്ചർ നമ്പർ/തീയ്യതി	തുക	വർഷം	മലബാർ ദേവസ്വം ബോർഡ് രശീതി നമ്പർ/തീയ്യതി
22/14.01.2021	2,00,000.00	2021	009171/15.01.2021
163/08.04.2021	2,00,000.00	2021	009180/08.04.2021
264/29.09.2021	2,00,000.00	2021	009184/29.09.2021
218(A)/20.06.2022	1,00,000.00	2022	009901/22.06.2022
291/08.08.2022	2,00,000.00	2022	009963/10.08.2022
358/20.09.2022	2,00,000.00	2022	009982/22.09.2022
460/29.10.2023	1,00,000.00	2022	008197/01.11.2022
584/27.12.2022	2,00,000.00	2022	010506/28.12.2022
174/04.03.2023	3,00,000.00	2023	010542/08.03.2023
331/11.05.2023	2,50,000.00	2023	010553/12.05.2023
353/25.05.2023	2,00,000.00	2023	010612/31.05.2023
380/09.06.2023	2,00,000.00	2023	010558/12.06.2023
397/20.06.2023	2,00,000.00	2023	010560/21.06.2023
436/14.07.2023	2,00,000.00	2023	010568/15.07.2023
499/11.09.2023	4,00,000.00	2023	010594/12.09.2023
631/18.12.2023	2,00,000.00	2023	011414/19.12.2023
26/12.01.2024	2,00,000.00	2024	011418/15.01.2024
158/25.03.2024	50,000.00	2024	011426/26.03.2024
196/19.04.2024	1,50,000.00	2024	011427/22.04.2024
237/16.05.2024	1,50,000.00	2024	011435/18.05.2024
320/25.06.2024	4,00,000.00	2024	011440/26.06.2024

472/26.09.2024	2,00,000.00	2024	011458/27.09.2024
553/28.10.2024	2,00,000.00	2024	011467/28.10.2024
635/05.12.2024	2,00,000.00	2024	011486/05.12.2024

III-10. ക്ഷേമനിധി

മലബാർ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിലേക്ക് ക്ഷേത്രവിഹിതമായി ഒടുക്കിയ തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

വൗച്ചർ നമ്പർ/തീയ്യതി	തുക	വർഷം	മലബാർ ടെമ്പിൾ എംപേ്ലായീസ് വെൽഫെയർ സെക്രട്ടറിയുടെ രശീതി നമ്പർ/തീയ്യതി
31/15.01.2021	4,00,000.00	2021	12061/19.01.2021
16/10.01.2022	1,00,000.00	2022	13345/13.01.2022
259/23.07.2022	50,000.00	2022	14601/27.07.2022
400/10.10.2022	1,00,000.00	2022	14598/10.10.2022
17/11.01.2023	1,00,000.00	2023	15161/12.01.2023
302/26.04.2023	5,00,000.00	2023	15461/04.05.2023
176/01.04.2024	2,00,000.00	2024	17302/03.04.2024
418/21.08.2024	10,00,000.00	2024	17898/23.08.2024

III-10. ഓഡിറ്റ് ചാർജ്ജ്

1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 19(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം സർക്കാരിലേക്ക് ഒടുക്കേണ്ട ഓഡിറ്റ് ചാർജ്ജ് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

വർഷം	2021	2022	2023	2024
ആകെ വരവ്	30069044	137336077.72	155179586.99	534064.75
ഋണശീർഷക വരവുകൾ				
സ്ഥിര നിക്ഷേപം പുതുക്കൽ	7630847	93012175	108919057	-
സ്ഥിരനിക്ഷേപം പിൻവലിക്കൽ	-	4806003	-	-
ഓഡിറ്റ് റിക്കവറി	--	3000	--	--
സെക്യൂരിറ്റി ഡെപ്പോസിറ്റ്	--	--	--	468160
EMD	--		148000	197000
ആകെ	7630847	97821178	109067057	665160
ഓഡിറ്റ് ചാർജ്ജ്	22438197	39514899.77	46112529.99	52741315

കണക്കാക്കുന്നതിനുള്ള അറ്റ വരവ്				
ഓഡിറ്റ് ചാർജ്ജ് നിരക്ക്	1%	1%	1%	1%
ഓഡിറ്റ് ചാർജ്ജ്	224382	395149	461125	527413
മുൻ ബാക്കി	1370366	1594748	1989897	2451022
ആകെ മൊത്തം	1594748	1989897	2451022	2978435
തൻ വർഷം ഒടുക്കിയത്/ ചെലാൻ നമ്പർ/തീയതി	--	--	--	--
ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ്	1594749	1989897	2451022	2978435

ഓഡിറ്റ് ചാർജ്ജിനത്തിൽ ഒടുക്കുവാൻ ബാക്കിയായ തുകയുടെ വർഷം തിരിച്ചുള്ള വിവരം

വർഷം	തുക	വർഷം	തുക
1996	438	2010	2248
1997	532	2011	2962
1998	777	2012	3562
1999	979	2013	2551
2000	848	2014	3451
2001	922	2015	4608
2002	910	2016	204576
2003	358	2017	417350
2004	749	2018	305462
2005	676	2019	312458
2006	711	2020	100577
2007	847	2021	224382
2008	855	2022	395149
2009	959	2023	461125
		2024	527413
ആകെ			29,78,435

